# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 729</u>

<u>12.06.2013 ൽ ഇടക്കാല മറുപടി നൽകിയതിന്റെ സമ്പൂർണ്ണ മറുപടി</u>

### ആരോഗ്യ വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനത്തിന് നിയന്ത്രണം ഏർപ്പെടുത്തി ക്കൊണ്ട് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യ മാക്കുമോ; | (എ) | 18.02.2013 ലെ സ.ഉ.നമ്പർ 538/13/ആ.ക.വ പ്രകാരവും 29.05.2013 ലെ സ.ഉ.നമ്പർ 1831/2013/ആ.ക.വ പ്രകാരവും ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ വകുപ്പുകളിലും ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിനുശേഷം എത്ര ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് നീട്ടി നൽകു കയോ പുതുതായി നൽകുകയോ ചെയ്തിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം നൽകുമോ; | (ബി) | 1. തിരുവനന്തപുരം ഫാമിലി വെൽഫെയർ ഓഫ് സെറ്റ് പ്രസിൽ എൽ.ഡി. ബൈന്റർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. ജി. ലളിതയ്ക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി തീരുന്നതുവരെ തുടരുന്നതിന് അനുവദിച്ചിട്ടുണ്ട്.<br>2. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ലിമ്പ് ഫിറ്റിംഗ് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് കൊല്ലം ജില്ലാ ആശുപത്രിയിലെ റീഹാബിലിറ്റേഷൻ ടെക്നീഷ്യനായ ശ്രീ. ഗിരീഷിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.<br>3. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലെ ജൂനിയർ സയന്റിഫിക് ഓഫീസറായ ശ്രീ. മോഹൻദാസിനെ കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്നതിലെ അഴിമതി സംബന്ധിച്ച് വിവിധ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ? | (സി) ഉണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൻ കീഴിലെ എല്ലാ വകുപ്പുകളിലും ഡോക്ടർമാർ ഒഴികെയുള്ളവരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഒഴികെയുള്ള വിവിധ വിഭാഗം ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ)നം. 538/2013/ആ.കു.വ തിരുവനന്തപുരം, തീയതി. 18. 02.2013.

---

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ വിവിധ വിഭാഗം ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് സംബന്ധിച്ച് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഡോക്ടർമാരുടേതൊഴികെയുള്ള തസ്തികകളിൽ നൽകിയിട്ടുള്ള വർക്കിംഗ് അറേഞ്ച്മെന്റ് അടിയന്തിരമായി റദ്ദ് ചെയ്ത് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാരെ മാതൃസ്ഥാപനങ്ങളിലേക്ക് തിരിച്ചയച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
മുഹമ്മദ് ഷെരീഫ്. കെ.
ഡെപ്യൂട്ടി സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ( ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും ( ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്സ്
ആരോഗ്യ കുടുംബക്ഷേമ (സി, ഇ, എഫ്, എച്ച്) വകുപ്പ്

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഒഴികെയുള്ള വിവിധ വിഭാഗം ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ)നം. 1831/2013/ആ.കു.വ തിരുവനന്തപുരം, തീയതി 29.05.2013.

പരാമർശം:- 18.02.2013 തീയതിയിലെ സ.ഉ. (സാധാ) 538/2013/ആ.കു.വ

**ഉത്തരവ്**

മേൽ പരാമർശ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഒഴികെയുള്ള വിവിധ വിഭാഗം ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്ത് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിഷയം സർക്കാർ വീണ്ടും പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിനുകീഴിലുള്ള മറ്റ് വകുപ്പുകളിലെയും ഡോക്ടർമാർ ഒഴികെയുള്ള ഉദ്യോഗസ്ഥൻമാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് അടിയന്തിരമായി റദ്ദ് ചെയ്ത് മാതൃസ്ഥാപനങ്ങളിലേക്ക് തിരിച്ചയച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
മുഹമ്മദ് ഷെരീഫ്. കെ.,
ഡെപ്യൂട്ടി സെക്രട്ടറി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം.
ഭാരതീയ നാട്ടുചികിത്സാ വിഭാഗം ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്സ്
ആരോഗ്യ കുടുംബക്ഷേമ (സി, ഡി, ഇ, എഫ്, എച്ച്, ജെ, കെ) വകുപ്പ്